# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3075 | 28/01/14-ൽ മറുപടിക്ക്

## വിലക്കയറ്റം നിയന്ത്രിക്കുവാനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. ഗീതാ ഗോപി:** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ, നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ ; | എ) പൊതുവിതരണ ശൃംഖല വഴി നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിക്കുന്നു. ബി.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം കിലോഗ്രാമിന് 1 രൂപാ നിരക്കിൽ 25 കി.ഗ്രാം അരിയും, രണ്ടു രൂപാ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും കിലോഗ്രാമിന് 13.50/- രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും പ്രതിമാസം നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപാ നിരക്കിൽ 10 കി.ഗ്രാം അരിയും കിലോ ഗ്രാമിന് 12/- രൂപ നിരക്കിൽ കാർഡ് ഒന്നിന് 2 കി.ഗ്രാം ആട്ടയും നൽകുന്നു. എ. പി. എൽ വിഭാഗത്തിൽ പ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യ ധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കി.ഗ്രാം അരി കിലോ ഗ്രാമിന് 2 രൂപ നിരക്കിൽ നൽകുന്നു. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 കി.ഗ്രാം അരിയും കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. വൈദ്യുതീകരിച്ച വീടുള്ള എല്ലാ കുടുംബങ്ങൾക്കും ഒരു ലിറ്റർ/1/2 ലിറ്റർ (ലഭ്യതക്കനുസരിച്ച്) മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17 രൂപ/17.50 രൂപ നിരക്കിൽ നൽകുന്നു. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ പ്രതിമാസ ലഭ്യത, |

വില എന്നിവ പത്രമാധ്യമങ്ങളിലൂടെ ജനങ്ങളിലെത്തിക്കുന്നു.

കൂടാതെ വിപണിയിലുണ്ടാകുന്ന വില വർദ്ധന നിയന്ത്രിക്കുന്നതിനായും അതു വഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി. ഇതനുസരിച്ച്

1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യ സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റു വരുന്നു.

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (കി.ഗ്രാമിന്) | നിലവിലെ പൊതുവിപണി വില |
|---|---|---|---|
| 1. | ചെറുപയർ | 55.00 | 84.80 |
| 2. | ഉഴുന്ന് (ഹോൾ) | 42.00 | 73.10 |
| 3. | വൻകടല | 45.00 | 59.20 |
| 4. | വൻ പയർ | 35.00 | 60.60 |
| 5. | തുവരപ്പരിപ്പ് | 45.00 | 77.00 |
| 6. | മുളക് | 55.00 | 99.00 |
| 7. | മല്ലി | 60.00 | 95.20 |
| 8. | പഞ്ചസാര | 26.00 | 34.25 |
| 9. | പച്ചരി | 21.00 | 28.50 |
| 10. | മട്ട അരി | 21.00 | 34.30 |
| 11. | കുറുവ അരി | 21.00 | 31.33 |
| 12. | ജയ അരി | 21.00 | 33.70 |
| 13. | വെളിച്ചെണ്ണ | 62.00 | 128.00 |

2. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 21 രൂപ നിരക്കിൽ പ്രതിമാസം കാർഡ് 1 ന് 10 കി.ഗ്രാം വരെ വിതരണം ചെയ്തു വരുന്നു.

3. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമെ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 12 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി 10 പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടി മാർച്ച് മാസത്തോടുകൂടി തുടങ്ങുവാനുള്ള നടപടികൾ നടന്നു വരുന്നു.

4. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴിനിയന്ത്രിക്കുകയും അതു വഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യു.
5. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.
6. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRPയേക്കാളും ശരാശരി 10 ശതമാനം വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ വൻകിട കുത്തക കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
7. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.
8. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തി വരുന്നു.
9. പൊതുവിപണിയേക്കാൾ ഏകദേശം 50 ശതമാനം വില കുറച്ച് കാർഡ് ഒന്നിന് 1 കിലോ ഗ്രാം വീതം വെളിച്ചെണ്ണ നൽകി വരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്. മേൽ വിവരിച്ച നടപടികൾ പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് വളരെ സഹായകമാണ്.

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി വരുന്നത് ; | ബി) | സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ റേഷൻ കടകൾ വഴി ന്യായവിലയ്ക്ക് റേഷൻ സാധനങ്ങൾ ലഭ്യമാക്കി വരുന്നു. അതോടൊപ്പം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 1320 വില്പനശാലകൾ വഴി ഭക്ഷ്യ വസ്തുക്കൾ സബ്സിഡി നിരക്കിലും 91 മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി 13% മുതൽ 50% വരെ വിലക്കുറവിൽ അവശ്യ മരുന്നുകളും വിതരണം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | തുറന്ന മാർക്കറ്റിലെ വില നിലവാരം നിയന്ത്രിച്ച് കൊണ്ടു വരിക എന്ന കാഴ്ചപ്പാടിൽ നിന്ന് സിവിൽ സപ്ലൈസ് വകുപ്പ് പിൻമാറിയിട്ടുണ്ടോ ? | സി) | ഇല്ല. പൊതുവിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് പൊതുവിപണികളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പഴം/പച്ചക്കറി, ഹോട്ടൽ തുടങ്ങിയ കടകളിൽ ഉപഭോക്താക്കൾ കാണത്തക്ക വിധം വില നിലവാര പട്ടിക പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുന്നു. കൂടാതെ പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ വിലയ്ക്ക് അവശ്യ സാധനങ്ങൾ വിപണനം ചെയ്യുന്നു. |

Beena

**സെക്ഷൻ ഓഫീസർ**